DESPATCHED
On.16/8/21....

6/8/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം 695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.543(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5422/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ഓഗസ്റ്റ് 6**

ശ്രീ. എസ്. അജിത് കുമാർ,
ശിവനിവാസ്,
പാലച്ചിറ പി.ഒ.,
വർക്കല, തിരുവനന്തപുരം–695 143.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അണ്ടർ സെക്രട്ടറി,
   സഹകരണ (ബി) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
2. അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി,
   സഹകരണ (ബി) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12/02/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 31/03/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 21/04/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 27/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/06/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30/7/2021 |
| ഹിയറിംഗ് നടന്ന തീയതി | 06/08/2021 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ജോയിന്റ് സെക്രട്ടറി ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എസ്. അജിത്കുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, സംസ്ഥാന സഹകരണ ബാങ്കിലെ ദിവസ വേതന/കരാർ ജീവനക്കാരെ സ്ഥിരപ്പെടുന്നതുമായി ബന്ധപ്പെട്ട് ബാങ്ക്

സി.ഇ.ഒ. ഗവൺമെന്റ് സെക്രട്ടറിക്ക് നൽകിയ KSCB/HR/4047/2020-21 നമ്പർ കത്തിന്റെ ശരിപകർപ്പ് നൽകണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയ്ക്ക് ലഭ്യമാക്കിയിട്ടുള്ള മറുപടി അപൂർണ്ണവും മന:പ്പൂർവ്വം വസ്തുതകൾ മറച്ചു വച്ചുകൊണ്ടുള്ളതുമാണെന്നും ആയതിനെതിരെ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ യാതൊരു പരിഗണനയും നൽകാതെയും ഉന്നയിച്ചിരുന്ന ആക്ഷേപങ്ങളിൽ വ്യക്തമായ പരാമർശങ്ങൾ നൽകാതെയും അപ്പീൽ പൂർണ്ണമായി തള്ളി തീർപ്പാക്കുകയാണ് അപ്പീൽ അധികാരി ചെയ്തിട്ടുള്ളതെന്നും ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ/പകർപ്പുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്നും കൂടാതെ അപൂർണ്ണമായ വിവരങ്ങൾ നൽകിയും മന:പ്പൂർവ്വം വസ്തുതകൾ മറച്ചു വച്ചും വിവരം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുമുള്ള ബന്ധപ്പെട്ട അധികാരികൾക്കെതിരെ വിവരാവകാശ നിയമം 20(1), 20(2) വകുപ്പുകൾ പ്രകാരമുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, സംസ്ഥാന സഹകരണ ബാങ്കിലെ ദിവസ വേതന/കരാർ ജീവനക്കാരെ സ്ഥിരപ്പെടുന്നതിലേക്കായി ബാങ്ക് സി.ഇ.ഒ. ഗവൺമെന്റ് സെക്രട്ടറിക്ക് നൽകിയ KSCB/HR/4047/2020-21 കത്തിന്റെ ശരിപകർപ്പ് നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയ്ക്ക് 16.3.2021 –ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, പകർപ്പ് ആവശ്യപ്പെട്ട കത്ത് ഉൾപ്പെടുന്ന ഫയലിലെ വിഷയം സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുള്ളതിനാൽ വിവരാവകാശ നിയമം 8(1)(ബി) വകുപ്പു പ്രകാരം വിവരങ്ങൾ ലഭ്യമാക്കാൻ നിർവ്വാഹമില്ല എന്നും കോടതിയുടെ അന്തിമ വിധിക്കുശേഷം മാത്രമേ വിവരം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളു എന്നുമാണ്.

3. ഹർജിക്കാരൻ 22.03.2021–ന് സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, Co-opB4/1/2021-Co-op നമ്പർ ഫയൽ സംസ്ഥാന സഹകരണ ബാങ്കിലെ വിവിധ തസ്തികകളിൽ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സംബന്ധിച്ചുള്ളതാണെന്നും ടി വിഷയം ഗവൺമെന്റ് പരിഗണനയിലാണെന്നും, കെ.എസ്.സി.ബി.യിൽ നിന്നു വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണെന്നും പ്രോസസ് ചെയ്യുന്ന ഒരു ഫയലിലെ വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകുന്നതിന് കഴിയില്ലെന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ 15.02.2021 തീയതി ഈ വകുപ്പിൽ സമർപ്പിച്ച അപേക്ഷയ്ക്ക് 16.3.2021 തീയതി മറുപടി ലഭ്യമാക്കിയിരുന്നു എന്നും തുടർന്ന് ടിയാൻ 26.3.2021 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ടിയാൻ ആവശ്യപ്പെട്ട വിഷയത്തിൽ ബഹു. ഹൈക്കോടതിയിൽ ഒരു കേസ് പെൻഡിംഗാണെന്നും ആയതിനാൽ വിവരങ്ങൾ ഇപ്പോൾ ലഭ്യമാക്കാൻ കഴിയില്ല എന്ന എസ്.പി.ഐ.ഒ.യുടെ നിലപാട് നിയമപരമാണെന്ന നിഗമനത്തിൽ അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും താത്ക്കാലിക ജീവനക്കാരുടെ സർവ്വീസ് ക്രമീകരിക്കുന്ന വിഷയത്തിൽ സമർപ്പിച്ച റിപ്പോർട്ടിന്മേൽ വിശദീകരണം കേരള സംസ്ഥാന സഹകരണ ബാങ്കിനോട് ആവശ്യപ്പെട്ടിരിക്കുകയാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കൺസൾട്ടേഷൻ, ഇവാലുവേഷൻ എന്നിവ നടത്തി മാത്രമെ ഈ വിഷയത്തിൽ അന്തിമ തീരുമാനം എടുക്കാനാകു എന്നും അതിന് മുൻപ് ഫയലിലെ വിവരങ്ങൾ പരസ്യപ്പെടുത്തുന്നത് ശരിയായ നടപടി ക്രമങ്ങൾ അല്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, സംസ്ഥാന സഹകരണ ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 5.2.2021–ലെ KSCB/HK/4047/2020-21 നമ്പർ കത്ത് ഒരു ഔദ്യോഗിക രേഖ ആയതിനാലും ആയതിന്റെ പകർപ്പ് നൽകരുതെന്ന് കോടതി ഉത്തരവുകളൊന്നും നിലവിലില്ലാത്തതിനാലും പ്രസ്തുത രേഖ നൽകുന്നത് കോടതിയലക്ഷ്യമായിത്തീരില്ലെന്ന് കമ്മീഷന് ബോധ്യമാകുന്നു. കൂടാതെ പ്രോസസ് ചെയ്യുന്ന ഒരു ഫയലിലെ വിവരം നൽകുവാൻ കഴിയില്ലെന്ന എതിർകക്ഷികളുടെ വാദം അംഗീകരിക്കാവുന്നതുമല്ല. ആയതിനാൽ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖയുടെ പകർപ്പ് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ആഗസ്റ്റ് 6–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

RIGHT TO INFORMATION